(ഇ) പ്രാരാബ്ധ കുടുംബങ്ങൾക്ക് സഹായമെത്തിക്കുന്നതിന് പ്രത്യേക നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽവരുന്ന കാര്യങ്ങൾ പ്രത്യേക കേസ്സായി പരിഗണിക്കാറുണ്ട്.

(സി) — (ഇ) പരിശോധിക്കും.

തിരുവനന്തപുരം സിറ്റിയിൽ ഓടുന്ന വാഹനങ്ങളുടെ സ്പീഡ് നിയന്ത്രിക്കാൻ നടപടി

66 [2496] *ശ്രീ. എം. മുരളി:*
,, *പി. ജെ. ജോയി:*
,, *വർക്കല കഹാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിൽ ഓടുന്ന വാഹനങ്ങളുടെ സ്പീഡ് നിയന്ത്രിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കിലോമീറ്റർ സ്പീഡായാണ് നിയന്ത്രിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ അതിന് മുൻപും പിൻപും ഒരു നിശ്ചിത ദൂരംവീതം വാഹനങ്ങളുടെ സ്പീഡ് പത്തോ, പതിനഞ്ചോ കിലോമീറ്ററായി നിയന്ത്രിക്കുമോ;

(സി) പ്രധാനപ്പെട്ട ജംഗ്ഷനുകളിൽകൂടി കടന്നുപോകുന്ന വാഹനങ്ങളുടെ സ്പീഡ് ഒരു കേന്ദ്രത്തിൽ നിരീക്ഷിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും, സ്പീഡ് റഗുലേഷൻ ലംഘിക്കുന്നവരുടെ പേരിൽ നടപടി എടുക്കുകയും ചെയ്യുമോ?

ഉത്തരം

(എ) ഉണ്ട്. ഹെവി ഇനത്തിൽപ്പെട്ട വാഹനങ്ങൾക്ക് മണിക്കൂറിൽ 35 കിലോ മീറ്റർ, മീഡിയം ഇനത്തിൽപ്പെട്ട വാഹനങ്ങൾക്ക് മണിക്കൂറിൽ 40 കിലോമീറ്റർ, ഇവ രണ്ടിലും പെടാത്ത വാഹനങ്ങൾക്ക് മണിക്കൂറിൽ 50 കിലോമീറ്റർ.

(ബി) കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് വിവിധതരം വാഹനങ്ങൾക്ക് വിവിധ മേഖലകളിൽ അനുയോജനീയമായ പരമാവധി വേഗത നിജപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ ജംഗ്ഷനിലേയും സ്ഥിതി വിവരങ്ങൾ വിലയിരുത്തുന്നതിനും വേഗതനിയന്ത്രണത്തിന് ഉചിതമായ തീരുമാനം എടുക്കുന്നതിനും ട്രാൻസ്പോർട്ട് കമ്മീഷണർ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് നൽകുന്നതാണ്.

(സി) ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly